# Deepika

# 28 August 2018

# Kottayam

## സഹായവുമായെത്തിയ തങ്ങളെ തമിഴ്പുലികളാക്കി തടഞ്ഞുവച്ചെന്നു തമിഴ് സംഘടന

കോട്ടയം: പ്രളയക്കെടുതിയിൽ വലയുന്ന കേരളജനതയ്ക്കു സഹായവുമായി തമിഴ്നാട്ടിൽനിന്ന് എത്തിയ സംഘത്തെ എൽടിടിഇ ബന്ധം ആരോപിച്ചു പോലീസ് മണിക്കൂറുകളോളം തടഞ്ഞുവച്ചതായി നാം തമിഴർ സംഘടനയുടെ കേരള ചീഫ് കോഓഡിനേറ്റർ കനക മണികണ്ഠൻ. ഏഴു ലോഡ് സാധനങ്ങൾ എത്തിച്ച സംഘത്തെയാണ് സാധനങ്ങൾ നൽകി മടങ്ങവേ മണിക്കൂറുകൾ കഴിഞ്ഞപ്പോൾ തിരിച്ചുവിളിച്ചത്.

തമിഴ്പുലി സംഘടനയായ എൽടിടിഇയുടേതിനു സമാന പതാകയും വേലുപ്പിള്ള പ്രഭാകരന്റെ ചിത്രം പതിച്ച ഫ്ളക്സും പതിച്ച വാഹനങ്ങളിലായിരുന്നു തമിഴ്സംഘം എത്തിയത്. 10 ലക്ഷത്തിന്റെ അവശ്യവസ്തുക്കൾ ദുരിതാശ്വാസ ക്യാമ്പുകളിൽ വിതരണം നടത്താൻ ജില്ലാ പോലീസ് മേധാവി ഹരിശങ്കറിന്റെ ഓഫീസിലെത്തി മടങ്ങിയവർക്കാണു ദുരനുഭവമെന്നും അദ്ദേഹം പറഞ്ഞു.

സാധനങ്ങൾ ഇറക്കിയതിനു ശേഷം കോട്ടയത്തുനിന്നു തിരികെ പോയ സംഘം കുമളി വരെ എത്തിയപ്പോഴാണു പോലീസിന്റെ വിളിയെത്തിയത്. എത്രയും വേഗം തിരികെയെത്തണമെന്നും പരാതിയുണ്ടെന്നുമായിരുന്നു അറിയിപ്പ്. തിരികെ വാഹനവുമായി സ്റ്റേഷനിലെത്തിയപ്പോൾ വിതരണത്തിനെത്തിച്ച മുഴുവൻ സാധനങ്ങളും പരിശോധിക്കണമെന്നും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻ അവധിയിലായതിനാൽ കാത്തുനിൽക്കാനും നിർദേശിച്ചു.

തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച രാഷ്ട്രീയ പാർട്ടിയാണെന്നും തമിഴ്നാട്ടിലെ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ടെന്നും സംഘം ചൂണ്ടിക്കാണിച്ചെങ്കിലും പോലീസ് അവഗണിച്ചത്രേ. സഹായം നൽകിയതിന്റെ പേരിൽ തടഞ്ഞുവച്ചതു ചോദ്യം ചെയ്ത സംഘം സ്റ്റേഷനിൽ കുത്തിയിരുന്നു പ്രതിഷേധിച്ചു. മണിക്കൂറുകൾ വെള്ളവും ഭക്ഷണവും കിട്ടാതെ ഇവർ അവിടെ ഇരിക്കേണ്ടിവന്നു.

പ്രളയദുരിതമറിഞ്ഞു മലയാളികളെ സഹായിക്കാൻ തമിഴ്നാട്ടിലെ തേനി, തഞ്ചാവൂർ, മധുര, സേലം എന്നിവിടങ്ങളിൽനിന്നു ശേഖരിച്ച അരി, പലചരക്ക്, വസ്ത്രം, പാത്രങ്ങൾ, ബക്കറ്റ് എന്നിവ ഉൾപ്പെടെ അവശ്യസാധനങ്ങളുമായി തിരുവോണനാളിലാണു കോട്ടയത്തേക്ക് എത്തിയത്. യാത്രയ്ക്കിടെ പൊൻകുന്നത്തു ബിജെപിക്കാരെന്ന് അവകാശപ്പെട്ട ഏതാനും പേർ വാഹനം തടഞ്ഞു സാധനങ്ങൾ ദുരിതാശ്വാസ ക്യാമ്പിൽ വിതരണം ചെയ്യാമെന്ന് അറിയിച്ചെങ്കിലും വിട്ടുകൊടുത്തില്ല. ഇതാണ് എൽടിടിഇ ബന്ധം ആരോപണത്തിനു പിന്നിലെന്നു സംശയമുണ്ട്. തമിഴ്നാട്ടിൽ ബിജെപിയെ എതിർക്കുന്ന സമീപനമാണ് സംഘടന സ്വീകരിക്കുന്നതെന്നും അദ്ദേഹം കോട്ടയത്തു പത്രസമ്മേളനത്തിൽ പറഞ്ഞു. എന്നാൽ, പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക മാത്രമാണു ചെയ്തതെന്നും ആരെയും തടഞ്ഞുവച്ചിട്ടില്ലെന്നുമാണു പോലീസിന്റെ വിശദീകരണം.

ഇവർ തമിഴ്നാട്ടിലെ രജിസ്ട്രേഷൻ ഉള്ള രാഷ്ട്രീയ പാർട്ടിയാണെന്നും വാഹനത്തിൽ ഉണ്ടായിരുന്നത് അവരുടെ പതാകയും ചിഹ്നവുമായിരുന്നെന്നും വ്യക്തമായതോടെയാണ് പോലീസ് ഇവരെ പോകാൻ അനുവദിച്ചത്. അതേസമയം, ഇതരസംസ്ഥാനങ്ങളിൽനിന്നു ദുരിതാശ്വാസവുമായി എത്തുന്ന സംഘങ്ങളെ രാഷ്ട്രീയ സംഘടനകളും മറ്റും തടഞ്ഞ് സാധനങ്ങൾ അവരുടെ ഇടപെടലിൽ വിതരണം ചെയ്യാൻ ശ്രമിക്കുന്നതു പലേടത്തും സംഘർഷം സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം എറണാകുളത്ത് സിപിഐക്കാർ എത്തിച്ച വസ്തുക്കൾ സിപിഎം പ്രവർത്തകർ പിടിച്ചെടുക്കാൻ ശ്രമം നടത്തിയത് സംഘർഷത്തിൽ കലാശിച്ചിരുന്നു. ഒടുവിൽ പോലീസ് എത്തി സാധനങ്ങൾ സിപിഐക്കു തന്നെ വിട്ടുകൊടുക്കുകയായിരുന്നു.